# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അന്തിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി2)1626/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2)1626/2024 തീയ്യതി: 20/12/2024

## തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2024 | 22-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2024 | 22-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സിനിലാൽ എം. ജി., ഓഡിറ്റ് ഓഫീസർ
ഹണി കെ. എസ്., ഓഡിറ്റ് ഓഫീസർ
സുമ വി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ജയൻ വി. എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
രേഖ ഇ. സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജ്യോതി രാമൻ | പ്രസിഡന്റ് | 01-04-2023 | 20-01-2024 |
| സുജിത്ത് പി. എസ് (ഇൻ ചാർജ്) | പ്രസിഡന്റ് | 21-01-2024 | 13-02-2024 |
| | | | |

| | | | |
|---|---|---|---|
| ജീന എം. ആർ | പ്രസിഡന്റ് | 14-02-2024 | 31-03-2024 |
| വർഗ്ഗീസ് സി. എ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് കെ. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ലക്ഷ്മി മോഹൻ | കൃഷി ഓഫീസർ | 01-04-2023 | 19-04-2023 |
| രൺദീപ് കെ. ആർ | കൃഷി ഓഫീസർ | 20-04-2023 | 12-06-2023 |
| ശ്വേത കെ. എസ് | കൃഷി ഓഫീസർ | 13-06-2023 | 31-03-2024 |
| വാണി എൻ. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 01-05-2023 |
| നിഷി പി ദേവദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-05-2023 | 09-06-2023 |
| വാണി എൻ. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-06-2023 | 29-07-2023 |
| രശ്മി കെ. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2023 | 31-03-2024 |
| സുശീൽ കുമാർ സി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. സുജ കെ. ടി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. വിധു വർമ്മ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ. മിനി വി. ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 07-09-2023 |
| ഡോ. ജിന്റോ പി. ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-09-2023 | 31-03-2024 |
| വസുമതി കെ. ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 01-05-2023 |
| ഭാഗ്യം കെ. എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-05-2023 | 16-05-2023 |
| വസുമതി കെ. ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-05-2023 | 31-03-2024 |
| രജിത എൻ. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അന്തിക്കാട്) | 01-04-2023 | 16-09-2023 |
| ധന്യ എം. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അന്തിക്കാട്) | 17-09-2023 | 06-10-2023 |
| അനീസ് മുഹമ്മദ് എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അന്തിക്കാട്) | 07-10-2023 | 29-11-2023 |
| സിമ്മി യു. ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അന്തിക്കാട്) | 30-11-2023 | 31-03-2024 |
| കാവ്യ ഗോപിനാഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പടിയം) | 01-04-2023 | 31-03-2024 |
| ഷൈനി പി. വി | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്., പുത്തൻപീടിക) | 01-04-2023 | 31-03-2024 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 16-05-2023 |
| ഷാനുരാജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-05-2023 | 31-03-2024 |
| ഫാത്തിമ പി. എ | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2023 | 19-05-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ജിബിന എം. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-05-2023 | 21-06-2023 |
| ശ്രുതിമോൾ യു. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 22-06-2023 | 31-08-2023 |
| ജിബിന എം. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2023 | 30-11-2023 |
| ശ്രുതിമോൾ യു. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡിപ്രിസിയേഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | വസ്തുനികുതി-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി | 1-1-7 |
| 9 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-8 |
| 10 | "Directly Credited By Bank" എന്ന ഇനത്തിൽ തുക അവശേഷിക്കുന്നു | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | അനർട്ടിന് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ തുക കെ.എസ്.ഇ.ബി-യ്ക്ക് നൽകിയതായി രേഖപ്പെടുത്തി | 1-1-11 |
| 13 | തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-12 |
| 14 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിൽ തെറ്റ് സംഭവിച്ചു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ട് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമപദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 22 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-9 |
| 23 | ജീവനക്കാരുടെ/കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-10 |
| 24 | മാങ്ങാട്ടുകര ശ്രീ സായി വിദ്യ പീഠം സീനിയർ സെക്കൻഡറി സ്കൂൾ അനധികൃതമായി രണ്ട് നിലകൾ കൂട്ടിച്ചേർത്തു -നാളിതു വരെ ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-11 |
| 25 | അനധികൃതമായി ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവ പ്രവർത്തിക്കുന്നു | 1-12 |
| 26 | വ്യവസായ സ്ഥാപനങ്ങളെ വാണിജ്യാവശ്യഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി | 1-13 |
| 27 | അനധികൃതമായി പണിത കെട്ടിടത്തിൽ അതിഥി തൊഴിലാളികളെ താമസിപ്പിച്ചതിനെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 28 | പാർപ്പിടാവശ്യത്തിന് തരംമാറ്റിയ തണ്ണീർത്തടഭൂമിയിൽ പരിധിയിൽ കവിഞ്ഞ് കെട്ടിടം നിർമ്മിച്ചു-അനധികൃതമായി ഇൻഡോർ കോർട്ട് നിർമ്മാണം നടത്തി -ക്രമവൽക്കരണം നടത്തിയിട്ടില്ല | 1-15 |
| 29 | നിർമ്മാണം പൂർത്തീകരിച്ച മൊബൈൽ ടവറുകൾ വസ്തുനികുതി നിർണ്ണയം നടത്താതെ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചു | 1-16 |
| 30 | ഇൻഡോർ കോർട് പഞ്ചായത്തിന്റെ നിർമ്മാണ അനുമതി നേടാതെയും വസ്തുനികുതിനിർണ്ണയിക്കാതെയും പ്രവർത്തിച്ചു വരുന്നു | 1-17 |
| 31 | പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് | 1-18 |

| | | |
|---|---|---|
| 32 | മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-19 |
| 33 | സമയബന്ധിതമായി പ്രവൃത്തികൾ നടത്തിയില്ല. തുടർനടപടി സ്വീകരിക്കണം | 1-20 |
| 34 | ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിനായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണത്തിൽ അനിശ്ചിതത്വം. തുടർ നടപടി സ്വീകരിക്കണം | 1-21 |
| 35 | റോഡ് മാപ്പിംഗ് പ്രവൃത്തി-R Track-ലെ വിവരങ്ങൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തണം | 1-22 |
| 36 | ആസ്തി സംരക്ഷണ പദ്ധതി-വെരിഫിക്കേഷൻ പൂർത്തീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കണം | 1-23 |
| 37 | മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം | 1-24 |
| 38 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം-ഭരണ സമിതി തീരുമാനവും വിതരണ വിശദാംശങ്ങളും ലഭ്യമാക്കിയില്ല | 1-25 |
| 39 | പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതും വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതും സംബന്ധിച്ച് മാർഗ്ഗരേഖ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണം | 1-26 |
| 40 | ജൂഡോ പരിശീലനം-അപാകങ്ങൾ | 1-27 |
| 41 | ഹോമിയോ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-28 |
| 42 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല | 1-29 |
| 43 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് വിവരം പൂർണ്ണമായി ലഭ്യമാക്കിയില്ല-30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 44 | കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല | 1-31 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികൾ--പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-32 |
| 46 | ചെലവഴിച്ച ബ്ലോക്ക് വിഹിതം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-33 |
| 47 | ഫലവൃക്ഷത്തൈ വിതരണം--പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-34 |
| 48 | പച്ചക്കറി തൈ വിതരണം--പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-35 |
| 49 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി | 1-36 |
| 50 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2024 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**
**തീയതി :20.12.2021**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
എ) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 ഇ-അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ- പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 എഫ്-അടിസ്ഥാന അനുപാതങ്ങൾ.
(ഓഡിറ്റ് അന്വേഷണം നമ്പർ 14/21.11.2024)

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ

സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9479485 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2117838 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീയതി 26.7.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 ഡിപ്രിസിയേഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

A) 2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 11214759 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

B) 31.03.2024-ലെ ബാലൻസ്ഷീറ്റ് പ്രകാരം Streetlights & Street Light Meter എന്ന ആസ്തികൾക്ക് 26,56,314 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31.03.2024 ലെ Accumulated Depreciation 41,82,992 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-6 വസ്തുനികുതി-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP-യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1. തൻവർഷം**

**1.1 റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2520578 | 2513719 | 9503 | 8277 |
| | | | | |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2520578<br>(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 2636513<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 9503<br>(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 8287*<br>*(8701/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, വാർഷികകണക്കിലെ കളക്ഷൻ തുക ഡിമാന്റിനേക്കാൾ കൂടിയിരിക്കുന്നു.

**1.2 നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1537555 | 1462091 | 4187 | 74026 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1537555<br>(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 1333278<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 4187<br>(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | 74035*<br>*(77737/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**2 കുടിശ്ശിക**

**2.1 റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 660 | 349 | 277 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7918*<br>*(2022-23-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3691+4623=8314/105x100) | 6816<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 8287**<br>**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (8701/105X100)=8287 |

ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**2.2 നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 24748 | 2454 | 22290 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 494197<br>(2022-23-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(92346+426561= 518907/105x100) | 49041<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 74035<br>**(77737/105X100)=74035, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-7 വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി

01.04.2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ

റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 വർഷത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 177 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2024 തീയതിയിൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച്, കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-8 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-9 “Directly Credited By Bank” എന്ന ഇനത്തിൽ തുക അവശേഷിക്കുന്നു

“Directly Credited By Bank” എന്ന ഇനത്തിൽ 4561 രൂപ ഉൾപ്പെടുത്തിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 37197693472 നമ്പറിലുള്ള അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയതി | തുക |
|---|---:|
| 26.06.2023 | 1832 |
| 18.03.2021 | 1938 |
| 24.02.2021 | 286 |
| 31.12.2023 | 505 |
| ആകെ | 4561 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

## 1-1-10 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള ഗ്രാമീൺ ബാങ്ക് (40320101034624)-ഭവനനിധി, കേരള ഗ്രാമീൺ ബാങ്ക് (40320101035447)-ഡിസ്ട്രസ് റിലീഫ് ഫണ്ട് എന്നീ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി തുകകളൊന്നും തന്നെ

അവശേഷിക്കുന്നില്ല എന്നിരിക്കിലും ഈ അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇവ വാർഷിക കണക്കിൽ ചേർക്കേണ്ടതും ഉപയോഗമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-11 അനർട്ടിന് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ തുക കെ.എസ്.ഇ.ബി-യ്ക്ക് നൽകിയതായി രേഖപ്പെടുത്തി**

ഡെപ്പോസിറ്റ് പ്രവൃത്തിക്കായി അനർട്ടിന് തുക നൽകിയത് 460500202-Advance To Implementing Agencies – Deposit With Kerala Electricity Board എന്ന ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത്. വിവരം താഴെ ചേർക്കുന്നു.

1) പ്രൊജക്ട് നമ്പർ 153/24, ഊർജ്ജം - ഹോമിയോ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ,
തുക - 1,47,106.

2) പ്രൊജക്ട് നമ്പർ 93/24, ഊർജ്ജം - ഘടക സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ,
തുക - 4,73,000

**1-1-12 തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി**

1) 2023-24 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | 31.3.2024 വരെ ലഭ്യമായ മരുന്ന്(തുക) | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 1 | 11/24, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ | 3,00,000 | 42301227/23.02.2024 | മരുന്ന് ലഭ്യമായിട്ടില്ല | 251110208-Purchase Of Medicines In Health Institutions |
| 2 | 29/24, പാലിയേറ്റീവ് കെയർ | 56,850 | 42301256/24.03.2024 | മരുന്ന് ലഭ്യമായിട്ടില്ല | 251110501-Health Related Activities – Palliative Care |

2) നമ്പർ 153/24, ഊർജ്ജം - ഹോമിയോ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ ഫൈനൽ ബിൽ തുക 147106 രൂപ വൗച്ചർ നമ്പർ 42301239/16.03.2024 പ്രകാരം നൽകിയത് റവന്യൂ ചെലവായി ബുക്ക് ചെയ്യുകയും 31.03.2024-ന് 460500202-Advance To Implementing Agencies - Deposit With Kerala Electricity Board എന്ന ശീർഷകത്തിലേക്ക് ഹെഡ് കറക്ഷനായി ജേണൽ എൻട്രി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആയത് മുൻകൂർ ശീർഷകത്തിൽ നിന്നും ഉചിതമായ ആസ്തി ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല.

**1-1-13 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിൽ തെറ്റ് സംഭവിച്ചു**

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്നതിൽ തെറ്റ് സംഭവിച്ചു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 120400485 |
| ആകെ ചെലവ് (B)* | | 127855009 |
| മിച്ചം തുക C = A-B | | -7454524 |
| Prior Period Income (I-19) | 5313 | |
| Prior Period Expenditure (I-18) | 0 | |
| Net Difference Between Prior Period Income And Expenses (D) {(I-19)- (I-18)} | | 5313 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | -74,59,837 |

Gross Surplus/Deficit Of Income Over Expenditure After Prior Period Items (E) ആയി (-)7454524 + 5313 = (-)74,49,211 രൂപയാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ 31.03.2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പിൽ യഥാർത്ഥത്തിൽ കൂട്ടിച്ചേർക്കേണ്ടിയിരുന്ന (-)74,49,211 രൂപ ചേർത്ത് (-)1,96,36,668 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർവർഷങ്ങളിൽ പ്രസ്തുത അപാകം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | | | |
|---|---|---|---|---|
| പാസ്സാക്കിയ തീയതി | | 30.03.2023 | | |
| കമ്മിറ്റി തീരുമാനം | | 1(1) | | |
| പ്രതീക്ഷിത വരവ്, ചെലവ് | | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 6,529,382 | 254,042,553 | 260571935 | 254,546,935 | 6,025,000 |
| റിവൈസ്ഡ് ബജറ്റ് | | | | |
| പാസ്സാക്കിയ തീയതി | | 07.02.2024 | | |
| കമ്മിറ്റി തീരുമാനം | | 2(2) | | |
| പ്രതീക്ഷിത വരവ്, ചെലവ് | | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 11,121,393 | 256,382,553 | 267503946 | 261,651,935 | 5,852,011 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | *നീക്കിയിരിപ്പ് /**ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17790000 | 17790000 | 14724325 | 3065675 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5962000 | 5962000 | 5016313 | 945687 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 5188650 | 5188650 | 1381679 | 3806971 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 6136000 | 6136000 | 3365407 | 2770593 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 2554825 | 2209500 | 4764325 | 2323066 | 2441259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് - ബേസിക് | 1151028 | 2946000+ 108618(പലിശ) | 4205646 | 2446819 | 1758827 |
| സാക്ഷരത | 8369 | 590 | 8959 | 0 | 8959 |
| Grant From Suchitwa Mission | 278484 | 245000 | 523484 | 244005 | 279479 |
| ICDS | 578993 | 1009478 | 1588471 | 600000 | 988471 |
| Health Grant Towards Diagnostic Infrastructure To PHC | 199793 | 843413 | 1043206 | 339538 | 703668 |
| Health Grant -Wellness Centre | 49946 | 358464 | 408410 | 229551 | 178859 |
| Health Grant Towards Building Less | 0 | 2805500 | 2805500 | 0 | 2805500 |

| | | | | | |
|---|---|---|---|---|---|
| Subcentres | | | | | |
| Total Sanitation | 1718017 | 98826 | 1816843 | 64850 | 1751993 |
| Drinking Water Schemes | 10000 | 0 | 10000 | 0 | 10000 |
| Nirmal Puraskar | 142851 | 0 | 142851 | 0 | 142851 |
| Ayurvedam | 11256 | 0 | 11256 | 11256 | 0 |
| Vimukthi | 52554 | 0 | 52554 | 0 | 52554 |
| PYKA | 47 | 0 | 47 | 0 | 47 |
| Draught Relief Grant | 33200 | 0 | 33200 | 0 | 33200 |
| Keralotsavam | 117 | 0 | 117 | 0 | 117 |
| Life Housing | 327737 | 5007162 | 5334899 | 5020000 | 314899 |
| Homoeopathy | 450000 | 0 | 450000 | 0 | 450000 |
| Other Schemes | 431015 | 0 | 431015 | 0 | 431015 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് - ജനറൽ, വികസന ഫണ്ട് - എസ്.സി.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 188 | 107146916 | 124 | 45070741 | 42.06% | 65.95% |

ആകെ വകയിരുത്തിയതിൽ 42.06% ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അവസ്ഥാരേഖ തയ്യാറാക്കി ആയതനുസരിച്ച് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1186073+5734 (പലിശ) | 1191807 | 1191807 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നല്കുന്നത് | - | 17111760 | 17111760 | 17111760 | 0 |
| മെറ്റിരീയൽ കോസ്റ്റ് | - | 7728579 | 7728579 | 7728579 | 0 |
| ആകെ | 0 | 26032146 | 26032146 | 26032146 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3353000 | 285 |
| വിധവാ പെൻഷൻ | 11064500 | 1017 |
| വാർദ്ധക്യകാല പെൻഷൻ | 24515800 | 2318 |
| വികലാംഗപെൻഷൻ | 2159600 | 189 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1157200 | 103 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2024 തീയതിയിൽ 3:00 PM ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 109752 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232(1), 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ/ഷെഡുകളോ ഉള്ളതോ/ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(2), ചട്ടം 3(1) ഇവയിൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല. വെറ്ററിനറി സർജൻ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നിവരുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 17 ഓളം ലൈവ് സ്റ്റോക്ക് ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 1 | സുനിൽ അറയ്ക്കൽ | 4 | പശു – 22 |
| 2 | സന്തോഷ് നടുപറമ്പിൽ | 13 | പശു – 11 |
| 3 | വിൽസൺ തട്ടിൽ | 3 | പശു – 10 |
| 4 | താജുദ്ദീൻ മമ്മസ്രഇല്ലത്ത് | 6 | പശു – 12 |
| 5 | വിജയൻ നടുപറമ്പിൽ | 13 | പശു – 13 |
| 6 | ഷീബ നടുവിൽപുരയ്ക്കൽ | 6 | പശു – 11 |
| 7 | വിൽസൺ തട്ടിൽ പല്ലൻ | 8 | പശു – 14 |
| 8 | ഷാജി മാമ്പുള്ളി | 10 | പശു – 21 |
| 9 | അബ്ദുൾ ഖാദർ കൊടപ്പുള്ളി | 13 | പശു – 11 |

പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ മേൽ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 20-ൽ കൂടുതൽ പശുക്കളെ പരിപാലിക്കുന്നതിനുള്ള കെട്ടിടം കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം ഗ്രൂപ്പ് ജി-1 (ഇൻഡസ്ട്രിയൽ ബിൽഡിങ്ങ്സ്) എന്ന ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് നേടിയവയായിരിക്കണം. ഇവയ്ക്ക് ജൈവമാലിന്യം സംസ്ക്കരിക്കുന്നതിനാവശ്യമായ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ ഗോബർ ഗ്യാസ് പ്ലാന്റ് ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിൽ നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാത്രമേ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് അനുവദിക്കാവൂ. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-17/21.11.24) നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ ഫാമുകൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 ജീവനക്കാരുടെ/കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ വ്യാപാര വ്യവസായ സംരഭക രജിസ്റ്ററും അപേക്ഷകളും ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററും പരിശോധിച്ചതിൽ 2023-24ൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കേംബ്രിഡ്ജ് ലബോറട്ടറീസ് പാരഡൈസ് അവന്യൂ, കോക്കൻമുക്ക് | 7 |
| 2 | കൃതാഞ്ജലി 13/263 എ) | 4 |
| 3 | സയ ഇമ്പേക്സ് ഇന്ത്യ 15/320 | 5 |
| 4 | ഹാപ്പി സ്ക്രാപ്പ് പടിയം 14/233, 234 | 6 |
| 5 | കല്യാണി കാറ്ററിങ് സർവീസസ് 14/56 എ) | 4 |
| 6 | മഹാത്മാ കമ്മ്യൂണിക്കേഷൻസ് 3/376 ജെ | 10 |
| 7 | വാല്യൂ മാർട്ട് സൂപ്പർമാർക്കറ്റ്, പുത്തൻപീടിക 7/430 എ), 430 ഡി | 4 |
| 8 | തണ്ടിയേക്കാൾ ഫുഡ് കോർണർ 3/376 ബി | 4 |
| 9 | നേതാജി മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് 3/479 | 6 |
| 10 | തണ്ണീർക്കാവിൽ കയർ പ്രോഡക്റ്റ്സ് പാടിയം 1/7 | 7 |
| 11 | മൾട്ടി വെൽത് കൺസൾട്ടൻസ് പ്രൈവറ്റ് ലിമിറ്റഡ്, അന്തിക്കാട് 3/488 എ) | 10 |
| 12 | സുധ എൻജിനീയറിങ് വർക്ക്സ് 3/183 | 4 |
| 13 | അൽ റാഷീദ് ഏജൻസീസ് 14/279 ബി | 4 |
| 14 | അന്തിക്കാട് ലിങ്ക് സെന്റർ 5/376 ബി | 6 |
| 15 | ക്വിക്ക് ബ്രൈറ്റ് ലോൺട്രി 639 എ) | 5 |
| 16 | ചിപ്സ് കാർട്ട് 12/382 സി | 4 |
| 17 | ചിക്ക് സിറ്റി ഫാമിലി റെസ്റ്റോറന്റ് 13/330 എഫ്, ജി | 4 |

<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

അസി. എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കറാറുകാരന്റെ പേര് |
|---|---|
| 1 | ജോൺ ബോസ്കോ |
| 2 | ഉണ്ണികൃഷ്ണൻ വി. |
| 3 | പ്രജിത്ത് കെ. പി. |
| 4 | വിനോദ് എം. നായർ |
| 5 | ശരത്ത് വി. |
| 6 | ഹരീഷ് കുമാർ |
| 7 | സ്മിത വി. ആർ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/21.11.24) തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ സൂചിപ്പിച്ച എല്ലാ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-11 മാങ്ങാട്ടുകര ശ്രീ സായി വിദ്യ പീഠം സീനിയർ സെക്കൻഡറി സ്കൂൾ അനധികൃതമായി രണ്ട് നിലകൾ കൂട്ടിച്ചേർത്തു -നാളിതു വരെ ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല</u>**

സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ സായി വിദ്യ പീഠം സീനിയർ സെക്കൻഡറി സ്കൂൾ, മാങ്ങാട്ടുകര എന്ന വിദ്യാഭ്യാസസ്ഥാപനത്തിന്റെ കെട്ടിടങ്ങൾ ഭാഗികമായി മാത്രമേ വസ്തുനികുതി അടവാക്കുന്നുള്ളു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ</u>

| | |
|---|---|
| കെട്ടിട ഉടമയുടെ വിവരങ്ങൾ | ശ്രീസായ് എഡ്യൂക്കേഷൻ ട്രസ്റ്റ് |
| കെട്ടിട നമ്പർ | 2/287 |
| താഴത്തെ നിലയുടെ തറ വിസ്തീർണ്ണം | 1183.25 ച. മീ. |
| ഒന്നാം നില നിലയുടെ തറ വിസ്തീർണ്ണം | 594.57 ച. മീ. |
| ആകെ | 1777.82 ച. മീ. |

സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എൽ.എസ്.ജി.ഡി. വിഭാഗത്തിനു സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ.

| കെട്ടിടത്തിന്റെ നില | തറ വിസ്തീർണ്ണം |
|---|---|
| താഴത്തെ നില | 1176.15 ച. മീ. |
| ബോയ്സ് ടോയ്‌ലെറ്റ് ബ്ലോക്ക് | 27.18 ച. മീ. |
| ഗേൾസ് ടോയ്‌ലെറ്റ് ബ്ലോക്ക് | 27.87 ച. മീ. |
| ഒന്നാം നില | 1176.15 ച. മീ. |
| രണ്ടാം നില | 1176.15 ച. മീ. |
| ആകെ | 3583.5 ച. മീ. |

മേൽ വിവരങ്ങൾ പ്രകാരം സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ പിന്നീട് നിർമ്മാണം നടത്തിയതായും അനധികൃത നിർമ്മാണം നാളിതുവരെ ക്രമപ്പെടുത്തിയിട്ടില്ല എന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനത്തിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം നാളിതുവരെ ഫീൽഡ് സ്റ്റാഫ്/എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്യുകയോ സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/21.11.2024) കെട്ടിടത്തിൽ കൂടുതലായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ് എന്നു നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പുതുതായി നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതും അനധികൃത നിർമ്മാണം നടത്തിയതിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## <u>1-12 അനധികൃതമായി ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവ പ്രവർത്തിക്കുന്നു</u>

22.03.2023-ലെ സ.ഉ.(കൈ)നമ്പർ77/2023/ത.സ്വ.ഭ.വ. , 05.04.2023-ലെ സ.ഉ(അച്ചടി)നമ്പർ25/23/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം ടർഫുകൾക്ക് (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തുനികുതിനിരക്ക് 40 രൂപ , സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തുനികുതിനിരക്ക് 30 രൂപ എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. 01.04.2023 മുതൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുമുണ്ട്. സഞ്ചയ സോഫ്ട്‌വെയറിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിച്ച ടർഫുകൾ, ജിംനേഷ്യം എന്നിവ ഉൾപ്പെടുന്നില്ല. എന്നാൽ പഞ്ചായത്ത് പരിധിയിൽ വെബ്സൈറ്റിൽ ഉൾപ്പെടെ പരസ്യം നൽകി **'Y B's ടർഫ്, അന്തിക്കാട്** എന്ന ഫുട്ബോൾ ടർഫ്, ഷാഹുൽ ഹമീദ് അരക്കവീട്ടിൽ എന്നയാളുടെ ഉടമസ്ഥതയിൽ **മൈൻഡ് ആൻഡ് പവർ ജിംനേഷ്യം, അന്തിക്കാട്** എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ നിന്ന് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ സ്ഥാപനങ്ങളിൽ

നിന്നും വസ്തുനികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ നമ്പർ 26, 27/22.11.2024), ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ ഉത്തരവിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വ്യവസായ സ്ഥാപനങ്ങളെ വാണിജ്യാവശ്യഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി

പഞ്ചായത്ത് പരിധിയിൽ വ്യാപാര സംരംഭക ലൈസൻസ് നേടി പ്രവർത്തിക്കുന്ന എ ആൻഡ് ബി ടൂളേഴ്സ് പടിയം, എ ആൻഡ് ബി പെറ്റ് പ്രോഡക്റ്റ്സ് പടിയം എന്നീ സ്ഥാപനങ്ങൾ വസ്തു നികുതി നിർണ്ണയം നടത്തിയതിനു ശേഷം കെട്ടിടത്തോടനുബന്ധിച്ച് വിവിധ നിർമ്മാണങ്ങൾ നടത്തിയും ഉപയോഗക്രമം മാറ്റിയും പ്രവർത്തനം നടത്തുന്നു. 21.11.2024-ൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ രണ്ടും ഒരേ കോംപൗണ്ടിൽ ഒരു കെട്ടിടമായി പ്രവർത്തിക്കുന്നതായി കണ്ടു.
ലൈസൻസ്, സഞ്ചയ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | എ ആൻഡ് ബി ടൂളേഴ്സ് പടിയം | എ ആൻഡ് ബി പെറ്റ് പ്രോഡക്റ്റ്സ് പടിയം |
|---|---|---|
| ഉടമയുടെ പേര് | സന്തോഷ് കെ. സി. കൊടപ്പുള്ളി | നീരജ് ബാലൻ വലിയപറമ്പിൽ |
| കെട്ടിട നമ്പർ | 12/123 | 12/122 |
| ഗണം | വാണിജ്യാവശ്യം | വാണിജ്യാവശ്യം |
| ലൈസൻസ് നേടിയിരിക്കുന്നത് | മോൾഡ് നിർമ്മാണം | പെറ്റ് ബോട്ടിൽ നിർമ്മാണം |
| സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 197.52 ച. മീ. | 252 ച. മീ. |
| യന്ത്രോപകരണങ്ങൾ സ്ഥാപിച്ചതിന്റെ വിവരം | 35 എച്ച്.പി. | 35 എച്ച്.പി. |

അപാകങ്ങൾ

1. സഞ്ചയയിലെ രേഖകൾ പ്രകാരം മേൽ രണ്ട് സ്ഥാപനങ്ങളും വാണിജ്യാവശ്യത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചു ഈടാക്കി വരുന്നത്. കൊമേഴ്സ്യൽ മോൾഡ് നിർമ്മാണം, പെറ്റ് ബോട്ടിൽ നിർമ്മാണം എന്നിങ്ങനെ വ്യവസായശാലകൾ പ്രവർത്തിപ്പിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചപ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമങ്ങൾ പരിശോധിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.
2. രണ്ട് സ്ഥാപനങ്ങളും ചേർത്ത് ഒന്നായ നിലയിലാണ് പ്രവർത്തിക്കുന്നത്. രണ്ട് സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ നിർബന്ധമായും പാലിക്കേണ്ട അകലങ്ങൾ പാലിക്കാതെ ഒന്നിച്ചു ചേർത്താണ് നിർമ്മിച്ചിരിക്കുന്നത്. നിലവിൽ രണ്ട് കെട്ടിടങ്ങളും അധികനിർമ്മാണവും ചേർത്ത് നിലവിൽ ഏകദേശം 1600 ച. മീറ്ററോളം ബിൽഡിങ് ഏരിയ ഉള്ളതായി എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ കെട്ടിടത്തിന്റെ അളവു പരിശോധനയിൽ കണ്ടു. നിലവിലെ കെട്ടിടങ്ങളിൽ അധിക നിർമ്മാണം നടത്തിയത് സംബന്ധിച്ച പ്ലാനുകളും കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളും, കെട്ടിട ഉടമകൾ നാളിതു വരെ സമർപ്പിച്ചിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗവും, ഫീൽഡ് സ്റ്റാഫും അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യുകയോ, അനധികൃതനിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുകയോ ചെയ്തിട്ടില്ല.



*രണ്ട് സ്ഥാപനകെട്ടിടങ്ങളും ഒന്നായ നിലയിൽ പ്രവർത്തിക്കുന്നു*



*അനധികൃത നിർമ്മാണം നടത്തിയ കെട്ടിട ഭാഗങ്ങൾ*

3. ഫുഡ്കണ്ടെയ്നറുകൾ നിർമ്മിക്കുന്നതും ഫുഡ് കണ്ടെയ്നറുകളുടെ മോൾഡുകൾ നിർമ്മിക്കുന്നതുമായ വളരെയധികം യന്ത്രോപകരണങ്ങൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി കണ്ടു. നിലവിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ ശേഷിക്കനുസൃതമായി മെഷിനറി റണ്ണിംഗ് ഫീസ് നിശ്ചയിച്ച് ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 30 തീയതി : 22.11.2024) അപാകങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താത്തതിനാലാണ് ഇത്തരത്തിൽ സംഭവിക്കാനിടയായിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനുമതി കൂടാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകുകയും നിർമ്മാണം നടത്തിയ കാലയളവ് സംബന്ധിച്ച അന്വേഷണം നടത്തി വസ്തുനികുതി ഈടാക്കേണ്ടതും അനധികൃത നിർമ്മാണം സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 അനധികൃതമായി പണിത കെട്ടിടത്തിൽ അതിഥി തൊഴിലാളികളെ താമസിപ്പിച്ചതിനെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ മാത്തു തോടിന് സമീപമുള്ള രാജേഷ് വള്ളൂക്കാട്ടിൽ എന്നവരുടെ ഭൂമിയിൽ അനധികൃതമായി ഷെഡുകൾ പണിതീർത്ത് 35 ഓളം പേരെ അനാരോഗ്യകരമായ സാഹചര്യത്തിൽ താമസിപ്പിച്ചു വരുന്നതായി ലഭിച്ച പരാതിയിൽ പരിശോധന നടത്തുകയും, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് കൂടാതെയാണ് നിർമ്മാണം നടത്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിനാൽ അനധികൃത നിർമ്മാണം നിർത്തിവയ്ക്കുന്നതിന് 18.01.2024-ൽ ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നല്കുകയും ചെയ്തിരുന്നുവെങ്കിലും ശ്രീ. രാജേഷ് വള്ളൂക്കാട്ടിൽ മറുപടി നൽകുകയോ പ്രവൃത്തി

നിർത്തിവയ്ക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യവകുപ്പ് 21.12.2023-ൽ നൽകിയ റിപ്പോർട്ടിലും ധാരാളം പേരെ അനധികൃതമായി താമസിപ്പിച്ചിട്ടുള്ളതായും ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ 24.02.2024-ലെ ഭരണസമിതി തീരുമാനം നമ്പർ 17(1) പ്രകാരം പ്രസ്തുത ഭൂമിയിലെ അനധികൃത നിർമ്മാണങ്ങളും, ചട്ടലംഘനങ്ങളും പൊളിച്ചു മാറ്റപ്പെടേണ്ട അളവുകളും റിപ്പോർട്ട് ചെയ്യുന്നതിനു എൻജിനീയറിങ് വിഭാഗത്തെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും, പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:32/22.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അനധികൃതനിർമ്മാണത്തിനെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നിലവിലെ സ്ഥിതി വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15 പാർപ്പിടാവശ്യത്തിന് തരംമാറ്റിയ തണ്ണീർത്തടഭൂമിയിൽ പരിധിയിൽ കവിഞ്ഞ് കെട്ടിടം നിർമ്മിച്ചു-അനധികൃതമായി ഇൻഡോർ കോർട്ട് നിർമ്മാണം നടത്തി - ക്രമവൽക്കരണം നടത്തിയിട്ടില്ല

2023-24-ൽ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ അനുമതി കൂടാതെ ഒരു നിലയും ഒരു ഇൻഡോർ സ്പോർട്സ് കോർട്ടും അധിക നിർമ്മാണം നടത്തിയത് 19.11.2024-ൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു.

| | |
|---|---|
| കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അപേക്ഷ സമർപ്പിച്ചത് | 05.04.2023 |
| ഫയൽ നമ്പർ | 400708/BRRL01/GA/2023/2697 |
| തറവിസ്തീർണ്ണം | 174.97 ച. മീ. |
| സർവ്വേ നമ്പർ | 307/2-4-5 |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 10/335 D |

പടിയം വില്ലേജ് സർവ്വേ നമ്പർ 307/2-4-5 ൽ പണി പൂർത്തീകരിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിന് മേൽപ്രകാരം അപേക്ഷ സമർപ്പിക്കുകയും 21.07.2023 ൽ 10/335 D എന്ന കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| നിലയുടെ നമ്പർ | വിസ്തീർണ്ണം (ച:മീ) |
|---|---|
| താഴത്തെ നില | 51.19 |
| ഒന്നാം നില | 51.19 |
| രണ്ടാം നില | 62.05 |
| മൂന്നാം നില | 10.54 |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 174.97 |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | ₹ 9 |
| അടിസ്ഥാന വസ്തു നികുതി | 1574.7 |

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ സർവ്വെ നമ്പറിലുൾപ്പെടുന്ന BTR പ്രകാരം നിലമായിരുന്ന 0.239 ഹെക്ടർ ഭൂമി തൃശൂർ സബ്കളക്ടറുടെ 06.03.2023-ലെ അനുമതി നമ്പർ 1120/2022 പ്രകാരം പുരയിടമായി മാറ്റം വരുത്തിയിട്ടുള്ളതായി കണ്ടു. ഈ ഉത്തരവ് പ്രകാരം ഉടമസ്ഥന് ടി ഭൂമിയിൽ 3000 ചതുരശ്ര അടി വരെയുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയതിൽ അധികരിക്കുന്ന നിർമ്മാണത്തിന് ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിൽ പണമൊടുക്കുവാൻ 2018-ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12 (9) പ്രകാരം ഉടമസ്ഥൻ ബാധ്യസ്ഥനാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

പാർപ്പിടാവശ്യത്തിനുള്ള അനുമതി നേടിയ പ്രസ്തുത കെട്ടിടത്തിൽ 18.08.2023-ന് '**ലെജൻഡ്സ് സ്പോർട്സ് ഹബ്**' എന്ന സ്ഥാപനം ഉദ്ഘാടനം നടത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടനമ്പർ അനുവദിച്ചതിൽ നിന്ന് അധികമായി കെട്ടിടത്തോട് ചേർന്ന് 170 ച. മീ. തറവിസ്തീർണ്ണമുള്ള ഒരു ഇൻഡോർ സ്പോർട്സ് കോർട്ട് പണിയുകയും ഓപ്പൺ ടെറസ്സ് ആയിരുന്ന മൂന്നാം നില അടച്ചു

പൂട്ടി ജിംനേഷ്യം പ്രവർത്തിക്കുന്നതിനായി ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒക്കുപ്പൻസി മാറ്റം വരുത്തുന്നതിന് അപേക്ഷ നൽകുകയോ ഈ അധിക നിർമ്മാണത്തിനു കെട്ടിട ഉടമ അനുമതി നേടുകയോ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് നാളിതുവരെ അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.



*മുൻവശം*



*പിൻവശം*

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ രണ്ടാം നില മാത്രമാണ് താമസാവശ്യത്തിന് വേണ്ടി നിർമ്മിച്ചിട്ടുള്ളത്. മറ്റ് നിലകൾ ഇൻഡോർ ഗെയിം നടത്തുന്നതിന് വേണ്ടി രൂപമാറ്റം വരുത്തിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം 10.54 ച. മീ. മാത്രമായുള്ള മൂന്നാം നില പൂർണ്ണമായും 63 ച. മീറ്ററോളം ഏരിയ റൂഫ് ചെയ്തും നാലതിരുകൾ അടച്ചു പൂട്ടിയ രീതിയിൽ ജിംനേഷ്യം പ്രവർത്തിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. കെട്ടിടത്തിന്റെ പിൻവശം സെറ്റ് ബാക്ക് ഇല്ലാത്ത നിലയിൽ പഞ്ചായത്ത് പൊതു കുളത്തോട് ചേർന്നാണ് നിലനിൽക്കുന്നത്. തണ്ണീർത്തടഭൂമിയിൽ 174.97 ച.മീ. പാർപ്പിടാവശ്യത്തിനു നമ്പർ അനുവദിച്ച കെട്ടിടത്തിൽ 233 ച.മീ. വിസ്തീർണ്ണത്തിൽ അനധികൃതമായി അധിക നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. ആകെ ബിൽഡിംഗ് ഏരിയ ഏകദേശം 407.97 ച. മീറ്ററോളം ഉണ്ട്. (4408 ച.അടി). തൃശൂർ സബ്കളക്ടറുടെ ഉത്തരവ് പ്രകാരം 3000 ചതുരശ്ര അടിയിൽ കൂടുതലായി നടത്തിയ നിർമ്മാണത്തിന് ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21.11.2024) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതും അനധികൃത നിർമ്മാണം നടത്തിയതിനെതിരെ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 നിർമ്മാണം പൂർത്തീകരിച്ച മൊബൈൽ ടവറുകൾ വസ്തുനികുതി നിർണ്ണയം നടത്താതെ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചു.

ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23-ൽ കെട്ടിട നിർമ്മാണ അനുമതി നേടിയ താഴെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടും വസ്തുനികുതി നിർണ്ണയം നടത്തുകയോ ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). വാർഡ് 1-ലെ മൊബൈൽ ടവർ

| | |
|---|---|
| പെർമിറ്റ് ഫയൽ നമ്പർ | 4776/22 തീയതി 26.12.2022 |
| സ്ഥാപനത്തിന്റെ പേര് | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം |
| സർവ്വേ നമ്പർ | 751/1-1 |
| | |

| | |
|---|---|
| പെർമിറ്റ് നമ്പർ | ബി 3- ബി എ (409484)/22 തീയതി 26.12.2022 |
| ബിൽറ്റ് അപ്പ് ഏരിയ | 8.77 ച. മീ. |
| പെർമിറ്റിന്റെ കാലാവധി | 25.12.2023 |

2). വാർഡ് 8 ലെ മൊബൈൽ ടവർ

| | |
|---|---|
| പെർമിറ്റ് ഫയൽ നമ്പർ | 4626/22 തീയതി 21.11.2022 |
| സ്ഥാപനത്തിന്റെ പേര് | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം |
| സർവ്വേ നമ്പർ | 285/5-1, 285/3-3, 285/3-1 |
| ബിൽറ്റ് അപ്പ് ഏരിയ | 8.77 ച. മീ. |
| പെർമിറ്റ് നമ്പർ | ബി3- ബി എ (385293)/22 തീയതി 05.12.2022 |
| പെർമിറ്റിന്റെ കാലാവധി | 04.12.2023 |

21.11.2024-ൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മേൽ സൂചിപ്പിച്ച രണ്ട് മൊബൈൽ ടവറുകളും പണി പൂർത്തീകരിച്ചിട്ടുള്ളതായും നിലവിൽ പ്രവർത്തിക്കുന്നതായും കണ്ടു. ഒരു വർഷത്തിലധികമായി ടവർ പ്രവർത്തിക്കുന്നതായി പ്രദേശവാസികൾ സ്ഥലപരിശോധനാ സമയത്ത് അറിയിക്കുകയുണ്ടായി. എന്നാൽ ഇവയ്ക്ക് നാളിതുവരെ വസ്തുനികുതി നിർണ്ണയം നടത്തി ആയത് ഈടാക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/22.11.24) വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1.4.23 മുതൽ സ.ഉ.(കൈ)നമ്പർ:77/2023/ത.സ്വ.ഭ.വ. തീയതി 22.3.23 ഉത്തരവ്, 5.4.23 ലെ സ.ഉ.(അച്ചടി) നം: 25/23/ത.സ്വ.ഭ.വ. എന്നിവയ്ക്ക് വിധേയമായി മൊബൈൽ ടവറുകൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് 550 രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ടവറുകൾക്ക് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഇൻഡോർ കോർട്ട് പഞ്ചായത്തിന്റെ നിർമ്മാണ അനുമതി നേടാതെയും വസ്തുനികുതിനിർണ്ണയിക്കാതെയും പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം 21.11.2024-ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ വാർഡ് 15-ൽ **പടിയം സ്പോർട്ട്സ് അക്കാദമി, മുറ്റിച്ചൂർ** എന്ന സ്ഥാപനത്തിൽ ഇൻഡോർ ആയിട്ടുള്ള രണ്ട് സിന്തെറ്റിക്ക് ബാഡ്മിന്റൺ കോർട്ടും ആയതിനോട് ചേർന്ന് ഒരു ഫുട്ബാൾ ടർഫും പണി കഴിപ്പിച്ചിട്ടുള്ളത് നേരിൽ കണ്ട് ബോധ്യപ്പെട്ടു. ഇൻഡോർ കോർട്ടിന് ഏകദേശം 310 ച. മീറ്ററോളവും ഫുട്ബാൾ ടർഫിന് 530 ച. മീറ്ററോളം തറവിസ്തീർണ്ണവും ആണ് ഉള്ളത്. കുട്ടികൾക്ക് സൗജന്യമായും മുതിർന്നവരിൽ നിന്ന് ഫീസ് ഈടാക്കിയുമാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുകയുണ്ടായി.



*ഇൻഡോർ കോർട്ടും ടർഫും*



*ഇൻഡോർ കോർട്ട്*

മേൽപ്രകാരമുള്ള നിർമ്മാണങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നേടിയിട്ടില്ല. ഈ അനധികൃത നിർമ്മാണം സംബന്ധിച്ച് ചട്ടപ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 25 തീയതി 22.11.2024) കെട്ടിടത്തെ ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ്

203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. നാളിതുവരെ ക്രമവൽക്കരിച്ചിട്ടില്ലാത്ത ഈ നിർമ്മാണത്തിന് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്ക്യൂപ്പൻസിക്കു ശേഷമുള്ള ഓഡിറ്റ് നടത്താൻ നിർദ്ദേശമുണ്ട്. ചട്ടം 21 (1) പ്രകാരം രണ്ട് നിലവരെയുള്ള താമസകെട്ടിടങ്ങളും 50 ച. മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്ക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. മാത്രമല്ല 21 (2) പ്രകാരം ഒക്ക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനു ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.
ഈ റിപ്പോർട്ടിലെ ഖണ്ഡികകളായ 1-13, 1-14, 1-15, 1-16, 1-17 പരാമർശങ്ങളിൽ സൂചിപ്പിച്ച അപാകതകളിൽ നിന്നും പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റിന്റെ പ്രാധാന്യത്തെ കുറിച്ചാണ് വിരൽചൂണ്ടുന്നത്. പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചു വരുന്നില്ല.
2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് സ.ഉ.(കൈ) 77/2023/ ത.സ്വ.ഭ.വ തീയതി 22.3.2023 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 19/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നൽകേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതാണ്.

## 1-19 മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്.

| ശീർഷകം | ഇനം | തുക | വർഷം |
|---|---|---|---|
| 460500399 | Advance To Other Authorised Agencies | 1800 | 2015-16 |
| 460400201 | Advance To Contractors | 7733 | 2013-14 |
| 460100199 | Other Advances | 6442 | 2019-20 |
| 460500304 | Advance To Kudumbasree Neighbouring Group | 84600 | 2022-23 |

മുൻകൂർ തുക നൽകിയ വിവരം പരിശോധിച്ച് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി-14/21.11.24)

## 1-20 സമയബന്ധിതമായി പ്രവൃത്തികൾ നടത്തിയില്ല. തുടർനടപടി സ്വീകരിക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2023-24 വർഷത്തിൽ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച 49 മരാമത്ത്

പ്രോജക്ടുകളിൽ ആകെ വകയിരുത്തിയ 3.75 കോടി രൂപയിൽ 22 പദ്ധതികളിലായി 66.75 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (സുലേഖ സോഫ്ട്‌വെയർ പത്രിക പ്രകാരം ചെലവ് ശതമാനം 17.8%).

**നിർവ്വഹണ പുരോഗതിയുടെ വിവരം**

| പ്രവൃത്തികൾ | പുതിയ പ്രവൃത്തികൾ | സ്പിൽ ഓവർ | ആകെ |
|---|---|---|---|
| എണ്ണം | 33 | 16 | 49 |
| നടപ്പാക്കിയത് | 12 | 10 | 22 |
| വകയിരുത്തിയ തുക (സുലേഖ പ്രകാരം) | 30963650 | 6550360 | 37514010 |
| ചെലവഴിച്ച തുക | 4017864 | 2658075 | 6675939 |
| ശതമാനം | 12.97% | 40.57% | 17.79% |

സമയബന്ധിതമായി പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ താഴെ പട്ടിക കോളം 5-ൽ രേഖപ്പെടുത്തിയിരുന്ന തുകകൾ കൂടി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നുവെങ്കിലും മരാമത്ത് പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കാത്തതു മൂലം ഈ തുക നഷ്ടമായിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകകളിൽ ചെലവഴിക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുകകളുടെ വിവരം പട്ടികയിലെ കോളം 6-ൽ ചേർത്തിരിക്കുന്നു. (ഖണ്ഡിക 1-3 കാണുക)

**മരാമത്ത് പ്രവൃത്തികൾക്കായി വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിയിനങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതും, ചെലവഴിക്കാത്തതു മൂലം ലാപ്സായതുമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു.**

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം | ചെലവഴിക്കാൻ കഴിയുമായിരുന്ന തുക | ഖണ്ഡിക 1-3 പ്രകാരം ലാപ്സായ തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| വികസന ഫണ്ട് | 1315523 | 469964 | 35.72 | 845559 | 3065675 |
| എസ്.സി.പി. | 845204 | 61018 | 7.22 | 784186 | 945687 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9017414 | 1381679 | 15.32 | 7635735 | 3806971 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6474000 | 608003 | 9.4 | 2770593 | 2770593 |

**1) മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.**

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലെ സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപീകരിക്കുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നത്. ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതും ഫണ്ടുകൾ ലാപ്സാവുന്നതിന് കാരണമാവുകയും ചെയ്യുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

**2) കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് ഭരണസമിതി അംഗീകാരം ലഭ്യമാക്കുന്നില്ല. ലികിഡേറ്റഡ് ഡാമേജ് വ്യവസ്ഥകൾ പ്രകാരം തുക ഈടാക്കുന്നില്ല. പ്രവൃത്തി പൂർത്തീകരണ കലണ്ടർ തയ്യാറാക്കി പ്രവൃത്തി മോണിറ്ററിംഗ് നടത്തുന്നില്ല.**

കരാർ കാലയളവിലോ, നിശ്ചിത ദീർഘിപ്പിക്കൽ കാലയളവിലോ കരാർവ്യവസ്ഥ പ്രകാരമുള്ള പ്രവൃത്തി പുരോഗതി കൈവരിച്ചിട്ടില്ലായെങ്കിൽ അത്തരം കരാർ ലംഘനത്തിന് ലികിഡേറ്റഡ് ഡാമേജ് ആയി 0.1% /Week നിരക്കിൽ Agreed PAC-യുടെ 10% വരെ തുക ഈടാക്കാമെന്ന് 09.08.2017 തീയതിയിലെ G.O(Ms)No.3/17/PWD ഉത്തരവിലെ വ്യവസ്ഥ (Liquidated Damages) 15.2, KPWD Manual 2116.1 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ Extension അനുവദിക്കുന്നതിനുള്ള

അധികാരം സർക്കാരിൽ (ഇവിടെ പ്രാദേശിക സർക്കാർ) നിക്ഷിപ്തമാണ്. കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത സംഗതികളിൽ Agreement Authority കാലാവധി ദീർഘിപ്പിച്ചു നൽകുന്നുണ്ടെങ്കിലും ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ കരാറുകളിൽ ഒന്നിലും പ്രവൃത്തി നിർവ്വഹണ കലണ്ടർ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. പ്രവൃത്തി പുരോഗതി യഥാസമയം വിലയിരുത്തി തുടർ നടപടി സ്വീകരിക്കുന്നില്ല.

**3) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.**

നടപടി ക്രമങ്ങൾ പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്തതു മൂലം പ്രവൃത്തികൾ തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി മാറുന്നതായി കാണുന്നു. പ്രവർത്തന കലണ്ടർ തയ്യാറാക്കി പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാത്തതും സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമായ ഇടപെടൽ ഇല്ലാത്തതും മൂലമാണ് ഇത്തരത്തിൽ സംഭവിക്കാനിടയാകുന്നത്. ഇതുമൂലം പുതിയ മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ തുക ഓരോ വർഷത്തിലും വകയിരുത്തുന്നതിന് സാധിക്കാതെ വരികയും ലക്ഷ്യമിട്ടതു പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിൽ വീഴ്ച ഉണ്ടാവുകയും ചെയ്യുന്നു.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

DSR നിരക്കിൽ കാലാനുസൃതമായ വർധന ഇല്ലാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ വിമുഖത കാണിക്കുന്നതും, പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം എല്ലാക്കാലവും മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കാനാകാത്തതും, നിലവിലുള്ള വ്യയ നിയന്ത്രണങ്ങളുമാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതമായി നിലനിൽക്കുന്നതെന്ന് ഇതു സംബന്ധിച്ച അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 2/19.11.24). പ്രായോഗികമായ മാർഗ്ഗങ്ങളിലൂടെ പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും, വിവിധ ഏജൻസികളിൽ നിന്നും സാമ്പത്തിക വർഷത്തിൽ ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

**1-21 ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിനായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണത്തിൽ അനിശ്ചിതത്വം. തുടർ നടപടി സ്വീകരിക്കണം**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പൈപ്പിടുന്നതിന് വേണ്ടി കുഴിച്ച റോഡുകളിൽ, KWA റിസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി നടത്താത്തതുമൂലം നിലവിൽ ഗ്രാമപഞ്ചായത്തിലെ നിരവധി റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലാണ്. 21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) എന്നിവ പ്രകാരം ജില്ലാ ജലശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്ന റോഡുകളുടെ പേര്, നീളം, റീസ്റ്റോറേഷൻ നടത്തുന്നതിന്റെ വിവരം, റീസ്റ്റോറേഷൻ നടത്തുന്ന കാലയളവ് എന്നിവ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. അതു കൊണ്ടു തന്നെ റോഡുകളുടെ പുനരുദ്ധാരണം എപ്പോൾ നടത്തുമെന്നതു സംബന്ധിച്ച് വ്യക്തതയില്ല.

ഗ്രാമപഞ്ചായത്തിന്റെ റോഡ് മെയിന്റനൻസിന് കരാറിലേർപ്പെട്ട റോഡുപ്രവൃത്തികളിൽ ജലജീവൻ മിഷൻ രണ്ടാം ഘട്ടത്തിൽ റോഡുകുഴിച്ച് KWA പൈപ്പ് സ്ഥാപിച്ചതിനെതുടർന്ന്, തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്താൻ കഴിയാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിന് കരാറുകാർ നൽകിയ അപേക്ഷകളിൽ ഭരണസമിതി അനുമതി നൽകിയതായി യോഗ തീരുമാനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി പൈപ്പിടുന്നതിന് കുഴിച്ച റോഡുകളുടെ പേര്, നീളം, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, റോഡിന്റെ നിലവിലെ സ്ഥിതി, പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകിയതിന്റെ വിവരം, റിസ്റ്റോറേഷൻ ചാർജ്ജ് ലഭിച്ചത്, 10.02.2023-ലെ No.CEPWD/2675/2021-C4(W)RD സർക്കുലർ പ്രകാരമുള്ള നിരക്കിൽ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി KWA-യിൽ നിന്നും തുക ആവശ്യപ്പെട്ടത്, ആയതുപ്രകാരം തുക ലഭിച്ചത് തുടങ്ങിയവ വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല (ഓഡിറ്റ് എൻക്വയറി നമ്പർ 5/19.11.24).

ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ റോഡുകളുടെ

പുനരുദ്ധാരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പുനസ്ഥാപിച്ച റോഡ് പ്രവൃത്തികളുടെ തുക KWA യിൽ നിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 റോഡ് മാപ്പിംഗ് പ്രവൃത്തി-R Track-ലെ വിവരങ്ങൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തണം

റോഡ് സംരക്ഷണ ഗ്രാന്റ് അനുവദിക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററിലെ റോഡുകളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് R Track App-ലൂടെ റോഡുകളുടെ വിവര ശേഖരണം നടത്തി ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, പ്രോജക്ട് നിർവ്വഹണത്തിനാവശ്യമായ ആളുകളെ കണ്ടെത്തി ട്രെയിനിംഗ് നൽകുന്നതിനും 2022 നവംബർ-1 നകം ഫീൽഡിൽ പ്രവൃത്തി തുടങ്ങുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിന് തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ചേമ്പറിൽ നടന്ന 20.10.2022-ലെ യോഗം തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ 31.10.2022-ൽ പുറപ്പെടുവിച്ച പഞ്ചായത്ത് ഡയറക്ടറുടെ നമ്പർ PAN/3173/2021-J1(DP) സർക്കുലറിൽ Kerala State Remote Sensing And Environment Centre (KSRSEC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R Track App ന്റയും സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനും വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ തുക ചെലവഴിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതി നമ്പർ 175/23 പ്രകാരം റോഡ് മാപ്പിംഗ് പ്രവൃത്തിയ്ക്ക് 17,800 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ 148 റോഡുകൾ (55.328കിലോമീറ്റർ) സർവ്വെ പൂർത്തീകരിച്ച് R-TRACK-ൽ AEE തല വെരിഫിക്കേഷൻ നടത്തിയത് 30.10.2024-ലെ 41(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് ആസ്തിരജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി വ്യത്യാസം ഉണ്ടെങ്കിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 3/19.11.24)

## 1-23 ആസ്തി സംരക്ഷണ പദ്ധതി-വെരിഫിക്കേഷൻ പൂർത്തീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന് 19.4.22-ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 6.8ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം പദ്ധതി നമ്പർ 172/24-ആസ്തി രജിസ്റ്റർ കാലികമാക്കൽ പദ്ധതിയിൽ 5.5 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1.1 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അക്രഡിറ്റഡ് ഏജൻസിയായ CSRD (Centre For Social And Resource Development) മായി കരാറിലേർപ്പെട്ട് സർവ്വെ പ്രവർത്തനങ്ങൾ നടത്തുകയും ആസ്തികളെ സംബന്ധിച്ച കരട് റിപ്പോർട്ട് CSRD സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയതു പ്രകാരമുള്ള ആസ്തികളുടെ വെരിഫിക്കേഷൻ നടത്തുന്നതിന് സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥ തല വെരിഫിക്കേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ആസ്തിരജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. മുഴുവൻ വാർഡുകളിലെയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് ആസ്തികൾ എന്നിവയുടെ വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കി ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 3/19.11.24)

## 1-24 മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ട മുഴുവൻ കരാറുകളിലും താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല.

2. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാറിലെ വ്യവസ്ഥ 4-ൽ

വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. കരാർ വ്യവസ്ഥ രണ്ടിൽ പ്രവൃത്തി, അംഗീകരിക്കപ്പെട്ട ാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവുംകരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

4. കരാറിലെ 7 വ്യവസ്ഥയിൽ 2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ച മൂലമുണ്ടാകുന്ന കാലതാമസത്തിന് 25% സമയം PAC യുടെ 1% പിഴയോടും തുടർന്നുള്ള 25% സമയം കാലതാമസത്തിന് 2% പിഴയും പിഴ ചുമത്തി ദീർഘിപ്പിച്ചു നൽകാവുന്നതും ഇത്തരത്തിൽ ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി കരാറുകാരൻ പൂർത്തീകരണ കാലയളവിന് മുൻപു തന്നെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുന്നതിന് പകരമായി മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% കാലയളവ് ഗ്രേസ് പിരീഡ് ആയി അനുവദിക്കാമെന്നും തുടർന്ന് വരുന്ന 3 മാസത്തേയ്ക്ക് 1% പിഴയും തുടർന്ന് വരുന്ന ഓരോ 3 മാസത്തേക്കും 2% പിഴയും ഈടാക്കണമെന്ന വ്യവസ്ഥയാണ് നിലനിർത്തിയിട്ടുള്ളത്.

2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ പ്രകാരം കാലാവധി നീട്ടി നൽകിയ പ്രവൃത്തികളിൽ 2100F പ്രകാരമുള്ള നിശ്ചിത ഫോർമാറ്റിൽ പിഴയോട് കൂടിയോ അല്ലാതെയോ കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള ശുപാർശ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തി ഭരണ സമിതിക്ക് ശുപാർശ ചെയ്തതായി കാണുന്നില്ല. 09.08.2017-ലെ G.O.(P)No.3/2017/PWD പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ SBD (Standard Bid Document) ൽ General Conditions, Special Conditions, Technical Specification എന്നിങ്ങനെ കരാറിന്റെ ഭാഗമാക്കേണ്ട സർക്കാർ അംഗീകരിച്ച വിവിധ Format-കൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/19.11.24)

## 1-25 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം-ഭരണ സമിതി തീരുമാനവും വിതരണ വിശദാംശങ്ങളും ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി നമ്പർ 191/24 - കറവ പശുക്കൾക്ക് കാലിത്തീറ്റവിതരണം

വകയിരുത്തിയ തുക - 7,70,000

ചെലവഴിച്ച തുക - 7,70,000 (വികസന ഫണ്ട് 3,85,000, ഗുണഭോക്തൃവിഹിതം 3,85,000)

കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് രൂപീകരിച്ച മേൽ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളിൽ നിന്ന് 50% സബ്സിഡി ശേഖരിച്ച് കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി അന്തിക്കാട് പാൽ വിതരണ സംഘം വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കണ്ടു. (പർച്ചേയ്സ് ബില്ലുകൾ, UTR എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) പദ്ധതി പ്രകാരം പ്രതിമാസം 100 കിലോഗ്രാം കാലിത്തീറ്റ ഓരോ ഗുണഭോക്താവിനും നൽകണം. ഗ്രാമപഞ്ചായത്തിൽ അംഗീകൃത പാൽ സൊസൈറ്റി ഇല്ലാത്തതിനാൽ അന്തിക്കാട് പാൽ വിതരണ സംഘം വഴിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ടി സംഘം വഴി പദ്ധതി നടപ്പാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തതായി കാണുന്നില്ല. കേരള ഫീഡ്സിനു ഗ്രാമപഞ്ചായത്ത് നൽകിയ തുക പ്രകാരം കൈപ്പറ്റിയ കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രജിസ്റ്ററും രേഖകളും സംഘം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സംഘവുമായി ഗ്രാമപഞ്ചായത്തിനു വേണ്ടി വെറ്ററിനറി സർജൻ കരാറിലേർപ്പെട്ടിട്ടില്ല. നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 10/21.11.24). മേൽ സൂചിപ്പിച്ച രേഖകളും രജിസ്റ്ററും ലഭ്യമാക്കേണ്ടതാണ്.

## 1-26 പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതും വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതും സംബന്ധിച്ച് മാർഗ്ഗരേഖ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണം

**1. പ്രാദേശിക കർമ്മ പദ്ധതി**

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 09.04.2022-ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ.

ഖണ്ഡിക 7.3 പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സമുദ്രനിരപ്പിൽ നിന്നും താരതമ്യേന താഴ്ന്ന് സ്ഥിതിചെയ്യുന്ന കോൾ നിലങ്ങളും ജലാശയങ്ങളും നിറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കാലവർഷക്കാലത്ത് പ്രളയഭീഷണി നേരിടുന്നവയും പുഴയോര പ്രദേശങ്ങൾ ഉൾപ്പെട്ട പഞ്ചായത്ത് CRZ III പരിധിയിൽ ഉൾപ്പെടുന്നതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ വേനൽക്കാലത്ത് വരൾച്ചയും ശുദ്ധജലക്ഷാമവും നേരിടുന്നവയുമാണ്. ഈ സാഹചര്യത്തിൽ മാർഗ്ഗരേഖയിലെ മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 33/22.11.2024)

**2. വെതർ സ്റ്റേഷൻ സ്ഥാപിക്കൽ**

കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്ത് വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ഇവയെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മുൻകൂട്ടി മനസ്സിലാക്കാനും, താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28.05.2022-ലെ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. ഖണ്ഡിക (7.8.8) ൽ നിർദേശിച്ചിട്ടുണ്ട്. ഇതിനായി ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 33/22.11.2024)

## 1-27 ജൂഡോ പരിശീലനം-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ് മിസ്ട്രസ്സ് ഗവ.എൽ.പി സ്കൂൾ

പ്രോജക്റ്റ് നം. 37/24 :സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം
വകയിരുത്തിയ തുക :150000രൂപ(ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ)
ചെലവ് തുക: 100000രൂപ (ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ)
വൗച്ചർ നമ്പർ: 42301284/25.03.24

മേൽ പ്രോജക്റ്റ് പ്രകാരം അന്തിക്കാട് ഹൈസ്കൂൾ, എ.യു.പി.എസ്.മാങ്ങാട്ടുകര എന്നീ സ്കൂളുകളിലെ 35 കുട്ടികൾക്ക് ജൂഡോ പരിശീലനം നൽകുന്നതിന് കായികാദ്ധ്യാപകനെ നിയമിക്കുകയും, ട്രാക്ക് സ്യൂട്ട്, ജേഴ്സി, ഷോർട്സ് എന്നിവ വാങ്ങി നൽകുകയും, കുട്ടികൾക്ക് ഭക്ഷണം നൽകുകയും ചെയ്തിട്ടുണ്ട്. കായികാദ്ധ്യാപകന് 6000 രൂപ വീതം 3 മാസത്തേക്ക്(ജനുവരി, ഫെബ്രുവരി, മാർച്ച്) 18000 രൂപയും, ട്രാക്ക് സ്യൂട്ട്, ജേഴ്സി, ഷോർട്സ് എന്നിവക്ക് സൺ സ്പോർട്സ് വെയർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് 40425 രൂപയും, കുട്ടികൾക്ക് ഭക്ഷണം നൽകിയതിന് 'Romal Hotel, Mangattukara' എന്ന ഹോട്ടലിന് 41575 രൂപയും നൽകി. പദ്ധതി നിർവ്വഹണം

സംബന്ധിച്ച അപാകങ്ങൾ താഴെ പറയുന്നു.

1. 26.07.2023 ലെ സ.ഉ(സാ) നം.1528/2023/LSGD പ്രകാരം കുട്ടികൾക്ക് ജൂഡോ പരിശീലനം നൽകുന്നതിന് NIS Certificate(6 Weeks)യോഗ്യതയുള്ള പരിശീലകനെയാണ് നിയമിക്കേണ്ടത്. എന്നാൽ പരിശീലകനായി നിയമിച്ച ശ്രീ. ഷൈനാൻ.കെ.സി. തൃശ്ശൂർ ജില്ലാ ജൂഡോ അസോസിയേഷനിൽ 2 ദിവസത്തെ ജൂഡോ ട്രയിനിംഗ് കോഴ്സിൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ശ്രീ. ഷൈനാൻ.കെ.സി. തൃശ്ശൂർ ജൂഡോ ടീമുകളുടെ പരിശീലകനായി പ്രവർത്തിച്ചിട്ടുണ്ടെന്ന കേരള ജൂഡോ അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

2. 19.4.22ലെ സ.ഉ.(കൈ)84/22/LSGD പദ്ധതി മാർഗരേഖ ഖണ്ഡിക 6.4.(എ)(7) പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനം നൽകാവുന്നതാണ്. എന്നാൽ ട്രാക്ക് സ്യൂട്ട്, ജേഴ്സി, ഷോർട്സ് എന്നിവ വാങ്ങി നൽകുന്നതിനും ഭക്ഷണം നൽകുന്നതിനും വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല .
ജൂഡോ പരിശീലനം നൽകുന്നതിന് ട്രാക്ക് സ്യൂട്ട്, ജേഴ്സി, ഷോർട്സ് എന്നിവ അത്യാവശ്യമായതിനാലും, പ്രോജക്റ്റിന്റെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും നിർദ്ധന കുടുംബാംഗങ്ങൾ ആയതിനാലുമാണ് ട്രാക്ക് സ്യൂട്ട്, ജേഴ്സി, ഷോർട്സ് എന്നിവയും ഭക്ഷണവും നൽകുന്നതിന് പദ്ധതിയിൽ വകയിരുത്തിയ തുക വിനിയോഗിച്ചതെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ (നം.6 തീ.20.11.2024) മറുപടി നൽകിയിട്ടുണ്ട്.
മെച്ചപ്പെട്ട കായിക തലമുറയെ വാർത്തെടുക്കുന്നതിന് ഇത്തരം പ്രോജക്ടുകൾ അനിവാര്യമാണെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിന് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ബാധകമായതിനാൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഹോമിയോ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ 11/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പ്രോജക്റ്റ് പ്രകാരം മരുന്നുകൾക്കായി ഹോംകോയ്ക്ക് 300000 രൂപ കൈമാറിയിട്ടുണ്ട്.
വൗച്ചർ നമ്പർ---42301227/23.02.2024
പ്രൊഫോർമ ഇൻവോയ്സ് നമ്പർ --PF1045/തീയതി 13.12.2023
ആയതിൽ 272883 രൂപയുടെ മരുന്ന് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമായിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | LF-242/24-25 | 25.05.2024 | 110588 |
| 2 | LF-1402/24-25 | 26.10.2024 | 37632 |
| 3 | LF-1590/24-25 | 11.11.2024 | 124663 |
| | ആകെ | | 272883 |

ബാക്കി 27117 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.
മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 20/തീയതി 21.11.2024)

## 1-29 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥയായ പ്രൊജക്റ്റ് നമ്പർ 29/24 സാന്ത്വന പരിചരണം മുഖേന പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.
അടങ്കൽ തുക : 900000
ചെലവ് : 500000
ആയതിൽ പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF4714 തീയതി 02.3.2024 തുക : 56850
വൗച്ചർ നമ്പർ 42301256 തീയതി 24.03.2024 തുക : 56850

മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 21/21.11.24).

## 1-30 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് വിവരം പൂർണ്ണമായി ലഭ്യമാക്കിയില്ല-30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ, സി.എച്ച്.സി-ക്ക് തനത് ഫണ്ടിൽ നിന്നും താഴെപറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

വൗച്ചർ നമ്പർ- 22300162 /02.06.2023 തുക-- 150000

ആയതിൽ 120000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. വാർഡ് 3, 4, 7 എന്നിവക്കായി ചെലവഴിച്ച 30000 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22 തീയതി 21.11.2024) മേൽ വാർഡുകളുടെ ചുമതലയുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ വൗച്ചറുകൾ സമർപ്പിക്കാത്തതിനാലാണ് ആയവ ലഭ്യമാക്കാൻ സാധിക്കാതിരുന്നതെന്നും ടിയാനോട് എത്രയും പെട്ടന്ന് രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ 30000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമായിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 5/24- ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട വിഹിതം | 83238 (വികസനഫണ്ട് - പൊതുവിഭാഗം) | 42301088/ 3.7.23 | 83238 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വിനിയോഗ സാക്ഷ്യപത്രം ഇല്ല) |
| 255/24- ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് | 900000 (വികസനഫണ്ട് - പൊതുവിഭാഗം) | 42301279/ 25.3.24 | 900000 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (കൈപ്പറ്റ് രസീത് ഇല്ല) |

മേൽപ്രോജക്ടുകളുടെ വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21.11.24) മറുപടിയായി ഐ.കെ.എം ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ--പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അനർട്ട് എന്നീ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 93/24-ഊർജ്ജം ഘടകസ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 500000 (മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ്) | 42301241/ 16.3.24 | 473000 | ജില്ലാ എഞ്ചിനീയർ അനർട്ട് തൃശ്ശൂർ |
| 109/24-വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1873000 (1473000 ധനകാര്യ മിഷൻ ഗ്രാന്റ്) 400000-- തനതുഫണ്ട് ) | 22301148/ 27.3.24- 1473000- ധനകാര്യ മിഷൻ ഗ്രാന്റ് 22301194/ 31.3.24-- | 1668357 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി., പെരിങ്ങോട്ടുകര |

| | | | | |
|---|---|---|---|---|
| | | 195357<br>തനതുഫണ്ട് | | |

അപാകങ്ങൾ

1.സർക്കാർ ഉത്തരവ്(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) (Ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 109/24-പ്രൊജക്ടിൽ വകുപ്പുകളുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയത്. കരാർ ഒപ്പുവച്ചത് 01.06.2024 നാണ്. 01.07.2024-ന് പ്രവൃത്തി തുടങ്ങി 31.03.2025-ന് പൂർത്തിയാക്കും എന്നാണ് കരാറിൽ ചേർത്തിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)38/23/Fin തീയതി 09.03.2023 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശികസർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ അതാത് വർഷം തന്നെ ചെലവഴിക്കാത്ത പക്ഷം സംസ്ഥാനസഞ്ചിതനിധിയിൽ തിരിച്ചടക്കേണ്ടതാണ്. ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തികവർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ്. സർക്കാർ ഉത്തരവ് (കൈ)45/23/Fin തീയതി 10.03.2023 പ്രകാരം അത്യാവശ്യമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ മാത്രമേ ചെയ്യാവൂ. ആകെ തുകയുടെ 20% മാത്രം മുൻകൂർ നല്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അനർട്ടിന് മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടുണ്ട്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.11.24) റിവൈസ്ഡ് എസ്ററിമേറ്റ് ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാലും ഇലക്ഷൻ പെരുമാറ്റച്ചട്ടം ഉള്ളതിനാലുമാണ് കരാർ ഒപ്പുവക്കുവാൻ വൈകിയത് എന്നും നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കും എന്ന് കെ.എസ്.ഇ.ബി ഉറപ്പുനല്കിയിട്ടുണ്ടെന്നും അനർട്ട് മുഖേന സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-33 ചെലവഴിച്ച ബ്ലോക്ക് വിഹിതം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ -- കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ 15/24 -- നെൽകൃഷി വികസനം നെൽവിത്ത്

അടങ്കൽ -- 1200000 (600000-വികസനഫണ്ട് (പൊതുവിഭാഗം), 600000-ബ്ലോക്ക് വിഹിതം )

ചെലവ് -- 600000 (സുലേഖ പത്രിക പ്രകാരം - വികസനഫണ്ട്)

യഥാർത്ഥ ചെലവ് -- 1030000 (ബ്ലോക്ക് വിഹിതം - 430000 ഉൾപ്പെടെ)

വൗച്ചർ നമ്പർ/തീയതി -- 42301189/10.01.2024 – 100000

വൗച്ചർ നമ്പർ/തീയതി--- 42301190/10.01.2024 – 100000

വൗച്ചർ നമ്പർ/തീയതി ---- 42301191/10.01.2024 – 100000

വൗച്ചർ നമ്പർ/തീയതി --- 42301199/17.01.2024 -- 100000

വൗച്ചർ നമ്പർ/തീയതി--- 42301200/17.01.2024 -- 100000

വൗച്ചർ നമ്പർ/തീയതി--- 42301201 /17.01.2024 -- 100000

കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്ന് 30060 കിലോഗ്രാം വിത്ത് വാങ്ങി വിവിധ പാടശേഖരസമിതികൾക്ക് വിതരണം ചെയ്തു. ഈ പ്രോജക്ടിനായി ചെലവഴിച്ച വികസനഫണ്ട് വിഹിതം മാത്രമാണ് സുലേഖ പത്രികയിലും വാർഷികകണക്കിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ചെലവഴിച്ച ബ്ലോക്ക് വിഹിതം 430000 രൂപ സുലേഖ പത്രികയിലോ വാർഷികകണക്കിലോ ഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് എൻക്വയറിക്ക് (13/21.11.24) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ നേരിട്ട് ബിൽ നൽകിയതിനാലാണ് വാർഷികകണക്കിൽ ഉൾപ്പെടാതെ പോയത് എന്ന് അറിയിച്ചിട്ടുണ്ട്.

ചെലവ് തുകകൾ പൂർണ്ണമായും വാർഷികകണക്കിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-34 ഫലവൃക്ഷത്തൈ വിതരണം--പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ**

നിർവഹണഉദ്യോഗസ്ഥൻ -- കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ 13/24 – ഫലസമൃദ്ധി ഫലവൃക്ഷത്തൈ വിതരണം

അടങ്കൽ -- 61126 (വികസനഫണ്ട് -- 30563, ഗുണഭോക്തൃവിഹിതം -- 30563)

ചെലവ് -- 61126

വൗച്ചർ നമ്പർ/തീയതി -- 42301142/13.11.23 -- 30563 (വികസനഫണ്ട്)

വൗച്ചർ നമ്പർ/തീയതി--42301435/31.3.24 -- 30563 (ഗുണഭോക്തൃവിഹിതം)

75% സബ്സിഡി നിരക്കിൽ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. കൃഷി വകുപ്പിൽ നിന്നും 50% സബ്സിഡിയിൽ ലഭ്യമായ തെങ്ങിൻതൈകൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുകയും, വികസനഫണ്ടിൽ നിന്നും 25% സബ്സിഡി ചെലവഴിക്കുകയും, ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ രസീത് ബുക്കുകൾ ഉപയോഗിച്ചല്ല മറിച്ച് കേരള സർക്കാരിന്റെ നാളികേരവികസനകൗൺസിലിന്റെ രസീത് ബുക്കുകൾ പ്രകാരമാണ് തുക പിരിച്ചെടുത്തിട്ടുള്ളത്. ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. കൃഷി വകുപ്പിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്.

ആകെ ലഭ്യമായ തെങ്ങിൻതൈകളുടെ വിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | എണ്ണം, വില | നൽകിയ തുക (വികസനഫണ്ട്) | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| സ്റ്റേറ്റ് സീഡ് ഫാം | 19/2023-24/1.7.23 | 160Nos.X250= 40000 (CoconutTxD) | 10000 | സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ |
| ഡിസ്ട്രിക്ട് അഗ്രിക്കൾച്ചർ ഫാം, ചുങ്കത്തറ | 95/2023-24/6.10.23 | 270Nos.X100 = 27000 (WCT ) | 6750 | സൂപ്രണ്ട് ഡിസ്ട്രിക്ട് അഗ്രിക്കൾച്ചർ ഫാം ചുങ്കത്തറ |
